പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: * 266

21/06/2012-ൽ മറുപടി
നല്കുന്നത്

ഭൂസംരക്ഷണ ദൗത്യസംഘം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. എ.എ. അസീസ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഭൂസംരക്ഷണത്തിനായി വിമുക്ത ഭടന്മാരുടെ പ്രത്യേക ദൗത്യസംഘത്തെ രൂപീകരിച്ചിട്ടുണ്ടോ; | (എ) രൂപീകരിച്ചിട്ടുണ്ട് |
| (ബി) എങ്കിൽ പ്രസ്തുത ദൗത്യ സംഘത്തിന്റെ ഘടന വ്യക്തമാക്കുമോ; | (ബി) ആരംഭഘട്ടമെന്ന രീതിയിൽ ഇടുക്കി ജില്ലയിൽ ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൽ സായുധ സേനയിൽ നിന്നും വിരമിച്ച പതിനഞ്ച് വിമുക്ത ഭടന്മാരെയാണ് ഭൂസംരക്ഷണത്തിനായി ഇപ്പോൾ നിയോഗിച്ചിട്ടുള്ളത്. അംഗങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ഒരാളെ പ്ലാറ്റൂൺ ഹെഡ് ആയി നിയോഗിച്ചിട്ടുണ്ട്. |
| (സി) പ്രത്യേക ദൗത്യ സംഘത്തിന്റെ ചുമതലകളും കർത്തവ്യങ്ങളും വ്യക്തമാക്കുമോ? | (സി) സർക്കാർ ഭൂമിയിലെ കൈയേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിച്ചെടുത്ത സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുമായിട്ടാണ് പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന് രൂപം നല്കിയിരിക്കുന്നത്. ഫോഴ്സ് ഇടുക്കി ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൽ കീഴിലാണ് പ്രവർത്തിക്കുന്നത്. നിരീക്ഷണത്തിനായി നല്കിയിരിക്കുന്ന സർക്കാർ ഭൂമികളിൽ കുറഞ്ഞത് മൂന്ന് എണ്ണമെങ്കിലും ഒരു ദിവസം ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിലെ അംഗങ്ങൾ നിരീക്ഷിക്കേണ്ടതുണ്ട്. കൈയേറ്റങ്ങൾ കണ്ടെത്തുന്ന പക്ഷം പ്ലാറ്റൂൺ ഹെഡിന്റെ നേതൃത്വത്തിൽ അത് നീക്കം ചെയ്യുന്നു. അങ്ങനെ നീക്കം ചെയ്യാൻ കഴിയാത്ത കൈയേറ്റങ്ങളിൽ കൈയേറ്റക്കാർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്യുന്നതാണ്. നിലവിൽ പരീക്ഷണാടിസ്ഥാനത്തിലാണ് പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇത് വളരെയധികം പ്രയോജനകരമാണെന്ന് തെളിയുന്ന പക്ഷം മറ്റ് ജില്ലകളിലേക്കും പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സേവനം വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ